**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2016** **02-02-2024 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. വി. അൻവർ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ആദ്യ ഘട്ടം പൂർത്തീകരിച്ച ശേഷം നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സ്, ഉഭയകക്ഷി കരാർ പ്രകാരം രണ്ടാം കക്ഷിയായ നിലമ്പൂർ മാനവേദൻ സ്കൂളിന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് അറിയിക്കാമോ; ഉഭയകക്ഷി കരാറിൽ പ്രതിപാദിച്ച തരത്തിൽ സ്റ്റേഡിയത്തിന്റെ നടത്തിപ്പിനും പരിപാലനത്തിനും മാനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടത് ആരാണെന്നും അറിയിക്കാമോ; മാനേജ്മെന്റ് കമ്മിറ്റികൾ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതുണ്ടോയെന്നും അറിയ്ക്കാമോ; | (എ) | ആദ്യഘട്ടം പൂർത്തീകരിച്ച നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സ് സ്കൂളിനു കൈമാറുന്നതിനുള്ള ചർച്ചകൾ നടന്നുവരുകയാണ്. ഫെബ്രുവരി മാസം പകുതിയോടെ സ്റ്റേഡിയം സ്കൂൾ ഏറ്റെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.<br><br>പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുമൻപ് കായിക വകുപ്പ് ഡയറക്ടറുമായി സ്കൂൾ അധികൃതർ ധാരണാപത്രത്തിൽ ഏർപ്പെട്ടിരുന്നു. പദ്ധതി നിർമ്മാണം പൂർത്തി ആയതിനുശേഷം ധാരണാപത്രത്തിലെ വ്യവസ്ഥകളിൽ ഭേദഗതി വേണമെന്ന് ആവശ്യപ്പെട്ട് സ്കൂൾ അധികൃതർ സ്റ്റേഡിയം ഏറ്റെടുത്തിരുന്നില്ല. തുടർന്ന് 2024 ജനുവരിയിൽ കായിക വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ നടത്തിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി ഏറ്റെടുക്കുന്നതിനു സ്കൂൾ അധികൃതർ സന്നദ്ധത അറിയിച്ചിട്ടുണ്ട്.<br><br>മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങളാകേണ്ടവരെ പറ്റിയുള്ള വിശദാംശങ്ങൾ ധാരണാപത്രത്തിൽ തന്നെ വിഭാവനം ചെയ്തിട്ടുള്ളതാണ്. കായിക വകുപ്പ് ഡയറക്ടറാണ് ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവിറക്കേണ്ടത്.<br><br>ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കാൻ വ്യവസ്ഥയുള്ള ധാരണാപത്രം അംഗീകരിച്ചുകൊണ്ടുള്ള 05.12.2017 തീയതിയിലെ സർക്കാർ ഉത്തരവിൽ (245/2017/കാ.യു.വ) ജോയിന്റ് മാനേജ്മെന്റ് കമ്മറ്റികൾ ചാരിറ്റബിൽ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടില്ല. |
| (ബി) | നിലമ്പൂർ മിനി സ്റ്റേഡിയത്തിലെ 400 മീറ്റർ സിന്തറ്റിക് | (ബി) | 400 മീറ്റർ സിന്തറ്റിക് ട്രാക്കിലെ തകരാറുകൾ |

| | | | |
|---|---|---|---|
| | ട്രാക്ക് നിർമ്മാണ തകരാർ കാരണം ചിലയിടങ്ങളിൽ തകർന്നു തുടങ്ങിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര വർഷമാണ് സിന്തറ്റിക് ട്രാക്കിന്റെ ഗ്യാരണ്ടി കാലാവധിയെന്നും ഈ കാലയളവിലെ ട്രാക്കിനുണ്ടാകുന്ന അറ്റകുറ്റപണികൾ നടത്തേണ്ടത് ആരാണെന്നും അറിയിക്കാമോ; | | ശ്രദ്ധയിൽപ്പെട്ടിരുന്നു. 5 വർഷമാണ് സിന്തറ്റിക് ട്രാക്കിന്റെ ഡിഫെക്റ്റ് ലയബിലിറ്റി കാലാവധി. ഈ കാലയളവിൽ ട്രാക്കിലുണ്ടായ അറ്റകുറ്റപണികൾ പ്രവൃത്തി നിർവഹിച്ച കരാറുകാരനാണ് നടപ്പിലാക്കേണ്ടത്. ആയത് നടപ്പിലാക്കിയെന്ന് ഉറപ്പ് വരുത്തേണ്ടത് എസ്. പി. വി. ആയ കിറ്റ്കോയുടെയും ഉത്തരവാദിത്വമാണ്. |
| (സി) | പ്രസ്തുത സിന്തറ്റിക് ട്രാക്ക് നിർമ്മാണ കരാർ നൽകിയത് ആർക്കായിരുന്നുവെന്നും കരാറുകാരന്റെ പേരും മേൽവിലാസവും കോൺടാക്റ്റ് നമ്പരും കരാറുകാരനുമായി ഒപ്പുവച്ച എഗ്രിമെന്റിന്റെ പകർപ്പും അനുവദിക്കാമോ; എത്ര തുകയ്ക്കാണ് സിന്തറ്റിക് ട്രാക്ക് നിർമ്മാണം ഏറ്റെടുത്തതെന്നും എത്ര തുകയുടെ ബില്ലുകൾ കരാറുകാരൻ മാറിയെടുത്തു എന്നും ഗ്യാരന്റി കാലയളവിലുണ്ടാകുന്ന അറ്റകുറ്റപണികൾക്കായി എത്ര തുക മാറ്റിവച്ചിട്ടുണ്ടെന്നും അറിയിക്കാമോ; | (സി) | സിന്തറ്റിക് ട്രാക്കിന്റെ കരാർ നൽകിയത് ഗ്രേറ്റ് സ്പോർട്സ് ടെക് ലിമിറ്റഡ് എന്ന കമ്പനിക്കാണ്. അവരുടെ മേൽവിലാസം : Great Sports Tech Limited, 101, Plot No.52, St. No.2, Chikoti Gardens, Begumpet, Hyderabad-Telangana – 500 016, Contact Details 0470-2776 4900/5000 എന്നാണ്. കരാറുകാരന് വർക്ക് അനുമതി കൊടുത്ത തുക Rs.4,87,85,947/- ആണ്. RAB-4 (Running Account Bill) വരെ കരാറുകാരൻ മാറ്റിയെടുത്ത ബിൽ തുക Rs.4,70,74,970/- ആണ്. കരാറുകാരന്റെ ശ്രദ്ധക്കുറവുകൊണ്ട് വരുന്ന അറ്റകുറ്റപണികൾക്ക് വേണ്ടി, ബാങ്ക് ഗ്യാരണ്ടി രൂപത്തിൽ 7,31,790/- രൂപയും, ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റ് രൂപത്തിൽ 7,31,790/- രൂപയും, RAB-4-ൽ നിന്നും വരെ സെക്യൂരിറ്റി ഡെപ്പോസിറ്റ് രൂപത്തിൽ 11,76,874/- രൂപയായും നിക്ഷേപിച്ചിട്ടുള്ളതാണ്. കരാറുകാരനുമായി ഒപ്പുവെച്ച എഗ്രിമെന്റിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | സംസ്ഥാനത്ത് എവിടെയെങ്കിലും സ്കൂളുകളിൽ നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ നടത്തിപ്പിനു വേണ്ടി മാനേജ്മെന്റ് കമ്മിറ്റികൾ നിയമാവലികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | (ഡി) | സ്റ്റേഡിയങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച വ്യവസ്ഥകൾ സർക്കാർ അംഗീകരിച്ച ധാരണാപത്രത്തിൽ തന്നെ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. |
| (ഇ) | രണ്ടാം കക്ഷികൾക്ക് തിരികെ നൽകുന്ന സ്റ്റേഡിയങ്ങളുടെ പരിപാലനച്ചെലവ് വഹിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാനാകുകയെന്നും അറിയിക്കാമോ? | (ഇ) | രണ്ടാം കക്ഷികൾക്ക് തിരികെ നല്കുന്ന സ്റ്റേഡിയങ്ങളുടെ നിത്യനിദാന ചെലവിനും അറ്റകുറ്റ പണികൾക്കുമുള്ള തുക പ്രാദേശികമായ പ്രത്യേകതകൾ പരിഗണിച്ച് ഉപയോഗിക്കുന്നവരിൽ നിന്നും വാടകയായി ഈടാക്കിയോ, മറ്റ് ധന സമാഹരണ മാർഗങ്ങളിലൂടെയോ അതത് ജോയിന്റ് മാനേജ്മെന്റ് കമ്മറ്റികൾക്ക് കണ്ടെത്താവുന്നതാണ്. സ്റ്റേഡിയത്തിന്റെ വലിയ തോതിലുള്ള അറ്റകുറ്റ പണികളും നവീകരണ പ്രവർത്തനവും സർക്കാർ നിർവഹിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ